# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3398      10/12/2018-ൽ മറുപടിക്ക്

### ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ

<table>
<tr><th></th><th>ചോദ്യം</th><th></th><th>മറുപടി</th></tr>
<tr><td></td><td>ശ്രീ.റോഷി അഗസ്റ്റിൻ<br>'' പി.ജെ.ജോസഫ്<br>'' സി.എഫ്.തോമസ്<br>'' ഡോ.എൻ ജയരാജ്</td><td></td><td>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.<br><br>ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40 ഉം അതിൽ താഴെയും വയസ്സുള്ളവരും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 41 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള നെറ്റ് ഫാക്ടറിയിലും ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അപ്രകാരം രേഖകളുമായി ഹാജരായ 37 പേർക്ക് നിയമന ഉത്തരവ് നൽകിയിരുന്നതിൽ 35 പേർ ജോലിക്ക് ഹാജരാകുകയും നിലവിൽ 34 പേർ ജോലിയിൽ തുടരുകയും ചെയ്യുന്നു.<br><br>ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായവർക്ക് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡർമാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>തീരദേശ പോലീസ് സ്റ്റേഷനുകളിൽ മത്സ്യത്തൊഴിലാളികളെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.</td></tr>
<tr><td>(ബി)</td><td>ഇതുവരെ എത്രപേർക്ക് തൊഴിൽ നൽകിയെന്ന് അറിയിക്കാമോ;</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഓഖി ദുരന്തത്തിൽ മരണപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച പ്രകാരമുള്ള തൊഴിൽ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) | ആശ്രിതരിൽ കൂടുതൽ വിദ്യാഭ്യാസമുള്ളവർക്ക് തൊഴിൽ പരിശീലനവും മത്സര പരീക്ഷാ പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തീരദേശത്തുള്ള സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുള്ള ready to cook പദ്ധതിയും സർക്കാർ പരിഗണനയിലാണ്. |

R Chachi

**സെക്ഷൻ ഓഫീസർ**